# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 916

29 .09.2016-ൽ
മറുപടിയ്ക്ക്

# റവന്യൂ മിച്ചഭൂമി

**ചോദ്യം**
ശ്രീ. മുഹമ്മദ് മുഹസിൻ .പി.

**മറുപടി**
ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

(എ) റവന്യൂ വകുപ്പിന് കീഴിൽ നടത്തി വരുന്ന ധനസഹായ പദ്ധതികളും അവയുടെ നടപടി ക്രമങ്ങളും വിശദമാക്കുമോ;

(എ) (1) റവന്യൂ വകുപ്പിന് കീഴിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സ, അപകടമരണം, തുടങ്ങിയവയ്ക്ക് ധനസഹായം നൽകി വരുന്നു. ധനസഹായമായി ജില്ലാ കളക്ടർമാർ 10,000/- രൂപ വരെയും, റവന്യൂ വകുപ്പു മന്ത്രി 25,000/- രൂപ വരെയും മുഖ്യമന്ത്രി 3,00,000/- രൂപ വരെയും അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി മൂന്ന് ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.
(2) അപേക്ഷകൻെറ കുടുംബ വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.
(3) ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ.
(4) ക്യാൻസർ, കിഡ്നി സംബന്ധമായ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനു ശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.
(5) ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, എയ്ഡ്സ് എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000/- രൂപ വരെ അനുവദിക്കുന്നു.
(6) അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്ക് മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.
(7) തീപിടുത്തം മൂലം വാസഗൃഹങ്ങൾക്കും, ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും 10,000/- രൂപ വരെയും അനുവദിക്കുന്നു.
(8) വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.
(9) സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നുണ്ട്.

നിശ്ചിത മാതൃകയിലുള്ള അപേക്ഷ വെള്ളക്കടലാസിൽ തയ്യാറാക്കി ആറു മാസത്തിൽ കവിയാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ് (അപകട മരണം നടന്ന കേസുകളിൽ മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ് മോർട്ടം സർട്ടിഫിക്കറ്റ്, എഫ്. ഐ. ആർ., വാർഷിക വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ പകർപ്പുകൾ) ഉള്ളടക്കം ചെയ്ത് സ്ഥലം വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസ്/കളക്ടറേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷ വില്ലേജ് ഓഫീസിൽ സമർപ്പിക്കുന്നതാണ് ഉചിതം.

പ്രകൃതിക്ഷോഭം മൂലം കൃഷി നാശമുണ്ടാകുന്ന കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആശ്വാസ ധനസഹായം നൽകുന്നുണ്ട്. 2 ഏക്കർ വരെ കൈവശമുള്ള കർഷകർക്ക് പ്രകൃതി

ക്ഷോഭം മൂലം ഭൂമി നാശമുണ്ടായതിന് നിബന്ധനകൾക്ക് വിധേയമായി ഒരു ഹെക്ടറിന് പരമാവധി 12,200/- രൂപ വരെ ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പുറപ്പെടുവിച്ചിട്ടുള്ള 20/05/2015-ലെ സ. ഉ. (കൈ.) 194/2015/ഡി. എം. ഡി, 23/07/2015-ലെ സ.ഉ. (കൈ) 343/2015/ഡി. എം. ഡി എന്നീ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് പ്രസ്തുത ആശ്വാസ ധനസഹായം അനുവദിക്കാറുള്ളത്.

കേരള ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയത് മൂലം വരുമാന മാർഗ്ഗം നഷ്ടപ്പെട്ട് അവശത അനുഭവിയ്ക്കുന്നതും വാർഷിക വരുമാനം 50,000/- രൂപയിൽ താഴെയുള്ളതുമായ മുൻ ജന്മിമാരായ 174 പേർക്ക് സർക്കാർ പ്രതിമാസം 3,000/- രൂപ വീതം പെൻഷൻ അനുവദിച്ച് നൽകുന്നുണ്ട്. ഇതിനുള്ള അപേക്ഷ ബന്ധപ്പെട്ട തഹസിൽദാർമാർക്കാണ് നൽകേണ്ടത്.

(ബി) പട്ടാമ്പി മണ്ഡലത്തിൽ നിലവിലുള്ള റവന്യു മിച്ച ഭൂമികളുടെ പ്രദേശം വിസ്തൃതി, സർവ്വേ നമ്പർ തുടങ്ങിയ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) (1) ഓങ്ങല്ലൂർ വില്ലേജിൽ (1) സർവ്വേ 316-ൽ 0.6530 ഹെക്ടർ
(2) ഓങ്ങല്ലൂർ വില്ലേജിൽ (1) സർവ്വേ 317-ൽ 0.6740 ഹെക്ടർ
(3) തൃത്താല വില്ലേജിൽ സർവ്വേ 186/1-ൽ 0.1498 ഹെക്ടർ

ആകെ 1.4768 ഹെക്ടർ

(സി) ടൂറിസത്തിനു വളരെയധികം സാദ്ധ്യതകളുള്ള രാമഗിരിക്കോട്ടയുടെ വിസ്തൃതി തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ: ഇതിനോടു ചേർന്നു കിടക്കുന്ന ഏതെങ്കിലും പ്രദേശങ്ങൾ സ്വകാര്യ വ്യക്തികൾക്കു/ ട്രസ്റ്റിന് പതിച്ചു കൊടുത്തിട്ടുണ്ടോ;വ്യക്തമാക്കാമോ; നിലവിൽ ഈ പ്രദേശം ഏതു വകുപ്പിന്റെ കീഴിലാണെന്ന് വ്യക്തമാക്കാമോ?

(സി) പട്ടാമ്പി താലൂക്കിൽ ഓങ്ങല്ലൂർ (1) വില്ലേജിൽ ബ്ലോക്ക് 30 റീസർവ്വേ 130-ൽപ്പെട്ട രാമഗിരിക്കോട്ടയുടെ ഏകദേശ വിസ്തൃതി 44.8500 ഹെക്ടർ ആണ്. ഇതിനോട് ചേർന്ന് കിടക്കുന്ന ഭൂമി പതിച്ചു നൽകിയിട്ടില്ല. നിലവിൽ ഈ പ്രദേശം വനം വകുപ്പിന്റെ കീഴിലാണ്.

സെക്ഷൻ ഓഫീസർ